"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് -2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ ഇ-ടെൻഡറിംഗ് നടപടിക്രമം വഴി പർച്ചേസ് നടത്തുന്നതിന് സ്റ്റേഷനറി കൺട്രോളർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ്(സി) വകുപ്പ്**

സ.ഉ.(സാധാ) നം.106/2023/SPD തീയതി,തിരുവനന്തപുരം, 23-09-2023

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 21/07/2023 - M2/181/23/ലെ പൊ.വി.വ നമ്പർ കത്ത്.
2. സ്റ്റേഷനറി കൺട്രോളറുടെ 25/07/2023,11/08/2023 എന്നീ തീയതികളിലെ STY/1691/22/E1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടിയ്ക്കായുള്ള പേപ്പറും, പേപ്പർ ബോർഡും സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് കെ. ബി. പി. എസ് -ന് സമയബന്ധിതമായി വാങ്ങി നൽകുന്നതിന് സ്റ്റേഷനറി വകുപ്പിനെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി GeM പോർട്ടലിലൂടെ പേപ്പർ വാങ്ങുന്നത് വളരെയേറെ ദുഷ്കരമായതിനാൽ പാഠപുസ്തക അച്ചടിയ്ക്കുള്ള പർച്ചേസ് നടപടികൾ ഇ-ടെണ്ടറിലൂടെ മാത്രം സ്വീകരിക്കാൻ വകുപ്പിനെ അനുവദിക്കണമെന്ന് സ്റ്റേഷനറി കൺട്രോളർ പരാമർശം (2) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു .

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാഠപുസ്തക അച്ചടിയ്ക്കുള്ള പർച്ചേസ് നടപടികൾ time bound ആയി തീർക്കേണ്ടവയായതിനാലും, GeM മുഖേനയുള്ള പർച്ചേസ് സമയബന്ധിതമായി തീർക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തും, സുതാര്യമായ മാർഗ്ഗത്തിലൂടെ ഇ-ടെൻഡറിംഗ് നടപടിക്രമം വഴി പർച്ചേസ് നടത്തുന്നതിന് സ്റ്റേഷനറി കൺട്രോളർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത വരുന്ന പക്ഷം സർക്കാർ അനുമതി തേടേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

കൺട്രോളർ, സ്റ്റേഷനറി വകുപ്പ്

മാനേജിങ് ഡയറക്ടർ , കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റി , കാക്കനാട്.

പൊതു വിദ്യാഭ്യാസ (എം ) വകുപ്പ്(M2/181/23/ലെ പൊ.വി.വ നമ്പർ കത്ത് )

ധനകാര്യ വകുപ്പ് (EDN-B3/135/2023-FIN Dated: 26.08.2023 )

അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള,തിരുവനന്തപുരം

ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Bindu V K

Date: 23-09-2023 12:24:38

സെക്ഷൻ ഓഫീസർ